(ബി) പ്രസ്തുത ആവശ്യം സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത തുറമുഖ വികസനത്തിന് അത്യന്താപേക്ഷിതമായ ഈ പ്രവൃത്തി ഏറ്റെടുക്കുന്നതിന് അടിയന്തര പരിഗണന നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ആവശ്യം പരിശോധിച്ചുവരുന്നു.

(സി) അഴീക്കൽ തുറമുഖ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് നിലവിലുള്ള 110 കെ.വി. അഴീക്കോട് സബ്സ്റ്റേഷനിൽ നിന്നും ഒരു 33 കെ. വി. ലൈനും 33 കെ. വി. സബ്സ്റ്റേഷനും സ്ഥാപിച്ച് പരിഹരിക്കാവുന്നതാണ്.

നെല്ലിക്കാപറമ്പ് 33 കെ. വി. സബ്സ്റ്റേഷൻ

191 (4254) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവമ്പാടി മണ്ഡലത്തിലെ നെല്ലിക്കാപറമ്പ് നിർദ്ദിഷ്ട 33 കെ. വി. സബ്സ്റ്റേഷന്റെ നിലവിലുള്ള അവസ്ഥയെന്താണെന്നു വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ എത്രയാണെന്നും പ്രവൃത്തി എന്നാരംഭിക്കുമെന്നും എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുംമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവമ്പാടി മണ്ഡലത്തിലെ നെല്ലിക്കാപ്പറമ്പ് 33 കെ. വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലമെടുപ്പിന് ആവശ്യമായ ഗവൺമെന്റ് ഓർഡർ നൽകിയിട്ടുണ്ട്. സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതിനുവേണ്ടി കളക്ടറുടെ നേതൃത്വത്തിലുള്ള നെഗോഷ്യേറ്റഡ് പർച്ചേയ്സ് കമ്മിറ്റി കൂടേണ്ടതുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 721 ലക്ഷം രൂപ ആകുന്നു. സ്ഥലം ലഭ്യമായാൽ ഉടൻ തന്നെ സബ്സ്റ്റേഷന്റെ പണി ആരംഭിക്കുന്നതാണ്.

ആറ്റിങ്ങൽ സിവിൽ സ്റ്റേഷനിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് നടപടി

192 (4255) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ സിവിൽ സ്റ്റേഷനിൽ ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിനുള്ള നടപടി വൈകുന്നതിന്റെ എന്തെങ്കിലും കാരണമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly